**Kerala Prisons & Correctional Services Department**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 22-01-2018

**സർക്കുലർ നം 1/2018**

വിഷയം:- ജയിലുകൾ - ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം - ജയിൽ അന്തേവാസികൾക്ക് വിനോദത്തിൻറെ ഭാഗമായി റേഡിയോ പരിപാടികളും, സംഗീത പരിപാടികളും ശ്രവിക്കുന്നതിന് അവസരം നൽകുന്നത് സംബന്ധിച്ച്.

സൂചന :- ഇല്ല.

ജയിൽ അന്തേവാസികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്തെ ഭൂരിഭാഗം ജയിലുകളിലും എഫ്.എം.റേഡിയോ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളിലെ വിരസതയുളവാക്കുന്ന അന്തരീക്ഷത്തിൽ നിന്നും ആശ്വാസം ലഭിക്കുന്നതിനും അന്തേവാസികൾക്ക് മാനസിക പിരിമുറുക്കം കുറക്കുന്നതിനുമുള്ള ഉപാധിയായി റേഡിയോ പരിപാടികൾ വിശേഷിച്ച് സംഗീത പരിപാടികൾ ശ്രവിക്കുന്നതിന് അവസരം നൽകുന്നതിനുവേണ്ടിയാണ് ഇപ്രകാരം എഫ്.എം.റേഡിയോ സിസ്റ്റം ജയിലുകളിൽ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ പല ജയിലുകളിലും ടി സംവിധാനം അന്തേവാസികൾക്ക് വേണ്ടി പ്രവർത്തിപ്പിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തടവുകാർക്ക് വിനോദത്തിന് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കണമെന്ന് മോഡൽ പ്രിസൺ മാനുവലിൽ നിഷ്ക്കർഷിക്കുന്നുണ്ട്. കൂടാതെ ദേശീയ മനുഷ്യാവകാശ കമ്മീഷനും ഇക്കാര്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ജയിൽ അന്തേവാസികളുടെ ഒഴിവു വേളകളിലും, എല്ലാ ദിവസവും രാവിലെ 6 മണി മുതൽ 8 മണി വരെയും, വൈകിട്ട് 5 മണി മുതൽ 7 മണി വരെയും അന്തേവാസികൾക്ക് വേണ്ടി എഫ്.എം.റേഡിയോ സംവിധാനം വഴിയോ, സി.ഡി./പെൻഡ്രൈവ് ഉപയോഗിച്ചോ സംഗീത പരിപാടികൾ കേൾക്കുന്നതിനുള്ള അവസരം നൽകേണ്ടതാണ്.

എഫ് . എം . റേഡിയോ സിസ്ററം സ്ഥാപിക്കാത്ത ജയിലുകളിൽ ടി സിസ്ററം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സൂപ്രണ്ടുമാർ കൈക്കൊള്ളേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : ഐ.ജി.ഓഫ് പ്രിസൺസ്,
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല,
റീജിയണൽ വെൽഫെയർ ഓഫീസർമാർ (ഡി.ഐ.ജി മുഖാന്തിരം)
പി.എ.ടു.ഡി.ജി.പി./സി.എ. ടു ഡി.ജി.പി.

G1-1687/2018/PrHQ

af9685